**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4148** **28-06-2024 - ൽ മറുപടിയ്ക്ക്**

**കെ-സ്റ്റോറുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് പുതുതായി എത്ര കെ-സ്റ്റോറുകൾ അനുദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് 916 കെ-സ്റ്റോറുകൾ അനുവദിച്ചിട്ടുണ്ട്. |
| (ബി) | നിലവിൽ കെ-സ്റ്റോറുകൾ ലാഭത്തിലാണോ പ്രവർത്തിക്കുന്നത്; വിശദമാക്കാമോ? | (ബി) | അതെ. റേഷൻ കട വൈവിദ്ധ്യവൽകരണത്തിന്റെ ഭാഗമായി, ലൈസൻസികൾക്ക് ഒരു അധിക വരുമാനം എന്ന ലക്ഷ്യത്തോടെ 2023 മെയ് മാസം 14 ന ആരംഭിച്ച പദ്ധതിയാണ് കെ-സ്റ്റോർ. 2024 മെയ് മാസം പൂർത്തിയായപ്പോഴേയ്ക്കും **49734615/- (നാല് കോടി തൊണ്ണൂറ്റി എഴ് ലക്ഷത്തി മുപ്പത്തി നാലായിരത്തി അറുനൂറ്റി പതിനഞ്ച്)** രൂപയുടെ വിൽപ്പന കെ-സ്റ്റോറുകൾ മുഖാന്തിരം നടന്നിട്ടുണ്ട്. ആയതിൽ നിന്ന് കെ-സ്റ്റോറുകൾ ലാഭകരമായിട്ടാണ് പ്രവർത്തിക്കുന്നത് എന്ന് മനസ്സിലാക്കാം.<br><br>മിൽമയുടെ തിരഞ്ഞെടുത്ത ഉത്പന്നങ്ങൾ, IOC യുടെ ചോട്ടു ഗ്യാസ്, സപ്ലൈകോയുടെ ശബരി ഉത്പന്നങ്ങൾ എന്നിവയ്ക്ക് പുറമേ ജനസേവന കേന്ദ്രങ്ങൾ മുഖേന നൽകുന്ന അടിസ്ഥാന സേവനങ്ങൾ നൽകുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. CSC (കോമൺ സർവ്വീസ് സെന്റർ) വഴിയുള്ള യൂട്ടിലിറ്റി ബിൽ പേയ്മെന്റ്, 10000 രൂപ വരെയുള്ള പണമിടപാടുകൾ നടത്തുന്നതിനുള്ള ബാങ്കിംഗ് സംവിധാനം എന്നിവയും കെ-സ്റ്റോറുകൾ വഴി നൽകി വരുന്നു. ഇവയ്ക്ക് പുറമേ വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിലുള്ള ചെറുകിട വ്യവസായ യൂണിറ്റുകളുടെ നിത്യോപയോഗ സാധനങ്ങളും കെ-സ്റ്റോറുകൾ വഴി വിപണനം ചെയ്ത് വരുന്നു.<br><br>പ്രവർത്തനം ആരംഭിച്ചത് മുതൽ 2024 മെയ് 31 വരെയുള്ള കാലയളവിൽ 6199455/- രൂപയുടെ ശബരി ഉൽപ്പന്നങ്ങൾ, 5096032/- രൂപയുടെ മിൽമ ഉൽപ്പന്നങ്ങൾ, 16242289/- രൂപയുടെ csc സേവനങ്ങൾ, 5054111/- രൂപയുടെ ചോട്ടു ഗ്യാസ് (5 |

| | | | |
|---|---|---|---|
| | | | kg), 17142729/- രൂപയുടെ MSME ഉൽപ്പന്നങ്ങൾ എന്നിവയുൾപ്പെടെ **ആകെ 49734615/- (നാല് കോടി തൊണ്ണൂറ്റിഏഴ് ലക്ഷത്തി മുപ്പത്തി നാലായിരത്തി അറുന്നൂറ്റി പതിനഞ്ച് രൂപ മാത്രം)** രൂപയുടെ വിറ്റു വരവാണ് കെ-സ്റ്റോറുകൾ മുഖാന്തിരം നടന്നിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ